# <u>സന്നിധി മതി</u>

സന്നിധി മതി ദൈവ സന്നിധി മതി
ആത്മ ചൈതന്യം പകരും സന്നിധി മതി

സങ്കടം മാറ്റി സന്തോഷിപ്പിക്കും സന്നിധിയാണിത്
ലോകം തരാത്ത ദിവ്യ സന്തോഷം ലഭിച്ചിടുമിവിടെ
ആനന്ദഘോഷമുണ്ട് ആത്മാവിൻ ഗീതമുണ്ട്
ആത്മരക്ഷയും ആത്മ ഫലങ്ങളുമുണ്ട് ... സന്നിധി

ക്ഷീണങ്ങൾ മാറ്റി ശക്തീകരിക്കും സന്നിധിയാണിത്
ബലഹീനർക്കു ബലം പകരും സന്നിധിയാണിത്
രോഗസൗഖ്യങ്ങളുണ്ട് വീര്യ പ്രവർത്തിയുണ്ട്
ആത്മപകർച്ചയും ആത്മ വരങ്ങളുമുണ്ട് ... സന്നിധി

അമ്മയെപ്പോലെ ആശ്വസിപ്പിക്കും സന്നിധിയാണിത്
അവസ്ഥയെല്ലാം അറിഞ്ഞുമാനിക്കും സന്നിധിയിണിത്
ബന്ധനങ്ങളഴിയും വിടുതൽ വെളിപ്പെടും
ശത്രു തോറ്റിടും നാം ജയക്കൊടി ഉയർത്തും ... സന്നിധി

പ്രത്യാശയോടെ നിലനിർത്തീടും സന്നിധിയാണിത്
ദൈവഹിതത്തിൻ നിർണ്ണയങ്ങൾ വെളിപ്പെടുമിവിടെ
സമർപ്പണങ്ങളുണ്ട് ദൈവ നടത്തിപ്പുമുണ്ട്
സഹനങ്ങളുണ്ട് മഹാ പ്രതിഫലങ്ങളുണ്ട് ... സന്നിധി

---